**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6569** **11-07-2024 - ൽ മറുപടിയ്ക്ക്**

**വേങ്ങോളി പാലം - വില്യാപ്പള്ളി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വേങ്ങോളി പാലം മുതൽ വില്യാപ്പള്ളി വരെയുള്ള ഭാഗത്ത് റോഡ് മെയിന്റനൻസ് നടത്താതെ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വില്ല്യാപ്പള്ളി മുതൽ വേങ്ങോളി പാലം വരെയുള്ള റോഡിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്നത് വില്ല്യാപ്പള്ളി- എടച്ചേരി - ഇരിങ്ങണ്ണൂർ റോഡിന്റെ കി.മീ. 0/000 മുതൽ 3/500 വരെയുള്ള റീച്ചാണ്. ഇതിൽ 0/000 മുതൽ 1/000 വരെയുള്ള ഭാഗം ആർ.സി. പ്രവൃത്തിയിൽ ഉൾപ്പെടുത്തി പാച്ച് വർക്ക് ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. 1/000 മുതൽ 2/750 വരെയുള്ള ഭാഗം ബി. എം & ബി.സി ചെയ്തതും നിലവിൽ കുഴികളും മറ്റും ഇല്ലാത്തതുമാണ്. 2/750 മുതൽ 3/500 വരെയുള്ള ഭാഗവും ഗതാഗതയോഗ്യമാണ്. |
| (ബി) | വേങ്ങോളി പാലം മുതൽ കുറ്റ്യാടി, നാദാപുരം ഭാഗങ്ങളിലേക്കുള്ള റോഡ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയപ്പോൾ വടകര ഭാഗത്തേക്ക് മാത്രം അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വേങ്ങോളി പാലം മുതൽ വടകര ഭാഗത്തേക്കുള്ള റീച്ച് RC പ്രവൃത്തിയിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ വേങ്ങോളി പാലത്ത് നിന്നും കാർത്തികപ്പള്ളി വഴി വില്യാപ്പള്ളിയിലേക്ക് പോകുന്ന റോഡ് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വേങ്ങോളി പാലം മുതൽ വടകര ഭാഗത്തേക്കുള്ള റീച്ച് RC പ്രവൃത്തിയിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ